
തുഷാരം

തുഷാരം

# MAGAZINE
# 2018-19

# GOVT.HSS
# KAVALAYOOR

തുഷാരം

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്നതിനോടൊപ്പം ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ സാകേതിക പരിജ്ഞാനം വർദ്ധിപ്പിക്കാനും വേണ്ടിയാണ് ലിറ്റിൽകൈറ്റ് പദ്ധതി ആരംഭിച്ചത്. ഇതിന് കുട്ടികൾക്ക് എല്ലാ ബുധനാഴ്ച്ചയും ട്രൈനിംഗ് കിട്ടുന്നുണ്ട്. കുട്ടികളുടെ സർഗാത്മക കഴിവുകൾ തെളിയിക്കുന്നതിനും വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി യാണ് ഡിജറ്റൽ മാഗസിൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് മലയാളം കംപ്യൂട്ടി ◌ംഗ് മേഖലയിൽ ട്രൈനിംഗിലൂടെ ലഭിച്ച അറിവിലൂടെയാണ് ഈൗ മാഗസിൻ തയ്യാറാക്കിയത്.

# തുഷാരം


1. ഞാൻ കണ്ട ജെ.സി.ബി
2. വീണ്ടും ഒന്നാമൻ ചിന്നനാമ തന്നെ
3. മധുരപഴം
4. ജീവിതം ഒരു വേദന
5. കാറ്റേ കാറ്റേ വന്നാട്ടെ
6. നന്മയുടെ അമ്മ
7. കുസൃതി കുറുക്കൻ
8. രാജാവിന്റെ വാതിൽ
9. പ്രകൃതി
10. തവളയും എലിയും
11. അന്നു പെയ്ത മഴ
12. എന്റെ ഭൂമി
13. രാമുവുന്റെ വികൃതി
14. മഞ്ഞ്
15. മഴയായ സൗഹൃതം

തുഷാരം

# HEADMISTRESS

## *LATHAKUMARI.A*




*കവലയൂർ സ്കൂളിലെ ലിറ്റിൽകൈറ്റിലെ കുട്ടികൾ തുഷാരം എന്ന പേരിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട്. ഈ മാഗസിനിൽ കുട്ടികൾ അവരുടെ സാഹിത്യ പരവും കലാപതവുമായ കഴിവുകൾ പ്രകടിപ്പിച്ചു കാണുന്നതിൽ സ്കൂളിലെ HM എന്ന നിലയിൽ ഞാനഭിമാനംകൊള്ളുന്നു. ഇത്തരമൊരു മാഗസിൻ തയ്യാറാക്കുന്നതിൽ അവർ കാണിച്ച ആത്മാർത്ഥതയും കഠിനപ്രയത്നവുംഎടുത്തു പറയേണ്ടതാണ്. അതിനവർ പ്രശംസ അർഹിക്കുന്നു.ഈ മാഗസിൻ കുട്ടികളുടെവുകഴിവുകൾതെളിയിക്കുന്നതിനുള്ള നല്ലൊരു ചുവട് വയ്പാ ണ്. ഈ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.*

# PTA PRESIDENT



***SUDHEER V***

*നമ്മുടെ വിദ്യാലയത്തിലെ കുട്ടിൾ അംഗങ്ങളായിട്ടുള്ള ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ  ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ വളരെ സന്തോഷം ഉണ്ട് . നമ്മുടെ കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക്കൂടി നമ്മുടെ സ്കൂൾ മികവ് പുലർത്തുന്നു എന്നതിന്റെതെളിവ് കൂടിയാണ്  ഈ മാഗസിൻ . ഈ മാഗസിൻ തയാറാക്കുന്നതിന് വേണ്ടി പ്രവർത്തിച്ച എല്ലപേരെയും അഭിനന്ദിക്കുന്നതിനോടൊപ്പം മാഗസിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു*

തുഷാരം

# LITTLEKITE MASTER-



***SURESHMON P S(HST)***

*പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങളിൽപല പ്രവർത്തനങ്ങളും നടന്ന് വരുകയാണല്ലോ ഐടി മേഖലയിൽ  വിദ്യാർത്ഥികളുടെ കഴിവ് തെളിയിക്കുന്നതിന് വേണ്ടി നമ്മുടെ സ്കൂളിൽ പ്രവർത്തിച്ച് വരുന്ന LITTLE KITES ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗ്ഗാത്മകത മെച്ചപ്പെടുത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നതിനോടൊപ്പം ഇതിന് വേണ്ടി പ്രയത്നിച്ച കുട്ടികളോടും അധ്യാപകരോടും നന്ദി അറിയിക്കുകയും ചെയ്യുന്നു.*

*പലപ്രവർത്തനങ്ങളും നടന്ന് വരുകയാണല്ലോ ,ഐടി മേഖലയിൽ വിദ്യാർത്ഥികളുടെ കഴിവ് തെളിയിക്കുന്നതിന് വേണ്ടി നമ്മുടെ സ്കൂളിൽ പ്രവർത്തിച്ച് വരുന്ന LITTLE KITES ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗ്ഗാത്മകത മെച്ചപ്പെടുത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നതിനോടൊപ്പം ഇതിന് വേണ്ടി പ്രയത്നിച്ച കുട്ടികളോടും അധ്യാപകരോടും നന്ദി അറിയിക്കുകയും ചെയ്യുന്നു.*

തുഷാരം

# LITTLE KITE MISTRESS



***PREETHA S P***

നമ്മുടെ സ്കൂളിന്റെ ചരിത്രത്തിലെ ആദ്യത്തെ DIGITAL MAGAZINE തയ്യാറാക്കുന്നതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട് .ഇതിന്റെ പ്രവർത്തനത്തിൽ പങ്കെടുക്കുന്ന ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങൾക്കും ആശംസകൾ നേരുന്നു

തുഷാരം

# LITTLEKITES



# ഞാൻ കണ്ട ജെ.സി.ബി

ഒരു ദിവസം ഞാനും അമ്മയും കൂടി സ്കൂളിൽ പോകാനിറങ്ങി.റോഡിൽ കൂടി ചീറിപ്പാഞ്ഞു ഒരു വണ്ടി പോകുന്നതു കണ്ടു.അത് ഏത്  വണ്ടി ആയിരുന്നു എന്ന് എനിക്ക് അറിയില്ലായിരുന്നു.ഞാൻ അമ്മയോടു ചോദിച്ചു.''അമ്മേ അത് ഏത് വണ്ടിയാണ്.''? അമ്മ പറഞ്ഞു''അത്  ജെ.സി.ബിയാണ് മോളേ'' കുറച്ചുനേരം കൂടി നടന്നപ്പോൾ ജെ.സി.ബി അവിടെ ഒതുക്കി  ഇട്ടേയ്ക്കുന്നത് കണ്ടു.ഞാൻ അതിനെ സൂക്ഷിച്ചുനോക്കി.അതിൽ അതാ തുമ്പികൈപോലൊരു ഭാഗം.അതിന്റെ തുമ്പിൽ പല്ലും ഉണ്ട്.''ഞാൻ അത് എന്താണെന്ന്  അമ്മയോട് ചോദിച്ചു.''അമ്മ പറഞ്ഞു''. അതുകൊണ്ടാണ്  കുന്നും മറ്റു ഭാഗങ്ങളും ഇടിക്കുന്നത്.പിന്നെ ഞാൻ ജെ.സി.ബിയെ കണ്ടാൽ അതിനെ നോക്കിയങ്ങനെ നിൽക്കും.എനിക്ക് ആ വാഹനത്തെ വളരെ ഇഷ്ടമായി.

**നിരഞ്ജന.എസ്.എ**

*s.t.d.4 A*

# വിണ്ടും ഒന്നാമൻ ചിണ്ടനാമതന്നെ

1. പഞ്ചവൻകാട്ടിൽ സിംഹരാജൻെറ പിറന്നാൾ ആഘോഷം നടക്കുകയാണ്പിറന്നാളിന് മറ്റെല്ലാ അതിഥികളും വന്നു ചേർന്നു. രാജാവിൻെറ അടുത്തചങ്ങാതിമാരായ മിട്ടുമുയലും ചിണ്ടനാമയും ഇനിയും എത്തിചേർന്നിട്ടില്ല . ഇരുവരും നേരത്തേവരാമെന്ന് ഏറ്റതാണല്ലോ സിംഹരാജൻ അസ്വസ്ഥനായി. മന്ത്രിയായ ചിമ്പനാനയെ വിളിച്ചു മിട്ടുമുയലിനെയും ചിണ്ടനാമയേയും കണ്ടുപിടിച്ചു കൊണ്ടുവരൂ.മന്ത്രിയായ ചിമ്പനാന ഈ കാര്യം ഭടൻമാരോടുപറഞ്ഞു. ഭടൻമാർ അന്വേഷിച്ചിറങ്ങി . മിട്ടുമുയലും ചിണ്ടനാമയും സിംഹരാജൻെ് പിറന്നാളാഘോഷത്തിൽ പങ്കെടുക്കാൻ വരുന്നതിനിടയിൽ ഒരു തർക്കത്തിലായി. മിട്ടുമുയൽ പറഞ്ഞു പണ്ട് നീ എന്നെ ഓട്ടമൽസരത്തിൽ തോൽപ്പിച്ചതല്ലേ? നമുക്ക് ഒന്നും കൂടി ഓട്ടമത്സരം നടത്താം .അപ്പോൾ ചിണ്ടനാമപറഞ്ഞു എനിക്കുവയ്യ .മിട്ടുനീപങ്കെടുത്തോപറ്റു. അങ്ങനെ ചിണ്ടനാമയക്ക് സമ്മതിക്കേണ്ടിവന്നു .ഓട്ടമൽസരം തുടങ്ങി. ആമഇഴഞ്ഞുനീങ്ങി .മുയൽ ചീറിപ്പാഞ്ഞു . കുറേ ദൂരമെത്തിയപ്പോഴാണ് മുയൽ ആ കാഴ്ച കണ്ടത്. നല്ല കാരറ്റ് തോട്ടം വിളഞ്ഞു നിൽക്കുന്നത് ഒരു കാരറ്റ് തോട്ടം ഹായ് കൊതിയാകുന്നു. ആമ ഇഴഞ്ഞിഴഞ്ഞ് എപ്പോൾ എത്തനാണ് കുറച്ച് കാരറ്റ് തിന്നാം അങ്ങനെ മുയൽ തോട്ടത്തിൽ കയറി കാരറ്റ് തിന്നാൻ തുടങ്ങി തിന്നുകഴിഞ്ഞപ്പോൾ മിട്ടുവിന് വല്ലാത്ത ആലസ്യം തോന്നി. "കുറച്ചുനേരം ഉറങ്ങാം. "അങ്ങനെ മുയൽ അവിടെക്കിടന്ന് ഉറക്കമായി . ആമ ചിന്തിച്ചു ഇത്തവണ അവൻ തന്നെ ജയിക്കും പതുക്കെ പോകാം പാതിവഴിയിലെത്തിയപ്പോഴാണ് ആമ ഭടൻമാരെ കണ്ടത്

## തുഷാരം

അവർ ചോദിച്ചു മിട്ടുമുയൽ എവിടെ ? അവൻ കൊട്ടാരത്തിൽ എത്തിയില്ലേ ? ചിണ്ടനാമചോദിച്ചു ഇല്ലല്ലോ വന്നില്ല ഭടൻമാർ മറുപടി നൽകി. അവൻ വന്നു കാണും നിങ്ങൾ കാണാത്തതാകും എന്തായാലും ഞാൻ കൊട്ടാരത്തിലേക്കാ പോകട്ടെ .ചിണ്ടനാമകൊട്ടാരത്തിൽ എത്തിയപ്പോഴാണ് മിട്ടു മുയൽ എത്തിയിട്ടില്ല എന്ന് അറിയുന്നത് ഭടൻമാർ വിണ്ടും അന്വേഷിച്ചിറങ്ങികാരറ്റ്തോട്ടത്തിൽകിടന്നുറങ്ങുന്ന മിട്ടുമുയലിനെയാണ്അവർക്ക് കാണാൻ കഴിഞ്ഞത്. ഭടൻമാരെകണ്ട് മിട്ടുമുയൽചാടിയെഴുന്നെറ്റ .ചിണ്ടനുമായുള്ള ഓട്ടമൽസരത്തെക്കുറിച്ചോർത്തു അവൻ വിഷമിച്ചു .ഓ........ ഈപ്പോഴും ആ ചിണ്ടനാമത്തനെ വിജയിച്ചു കാണും.ഹോ...... എന്റെ് വല്ലാത്തൊരു തലവിധി അങ്ങനെ കൊട്ടാരത്തിൽ സിംഹരാജന്റെ് പിറന്നാൾ ആഘോഷത്തോടോപ്പം ചിണ്ടനാമയുടെ വിജയവും ആഘോഷിച്ചു.

**ആദിത്യദേവ്**
**4 എ**

# മധുരപ്പഴം

പഴുപഴുത്തൊരു  വാഴപ്പഴം
സ്വർണ്ണ നിറമുള്ള വാഴപ്പഴം
കാണാൻ നല്ല രസമുണ്ടേ
തിന്നാൻ നല്ല രുചിയുണ്ടേ
അണ്ണാൻ കുഞ്ഞും കൊതിയോടെ
ചാടി കളിച്ചു വാഴക്കയിൽ
കുരുവികുഞ്ഞും നോട്ടമിട്ടേ
വാഴപ്പഴമല്ലോ ഇത് മധുരപ്പഴം.

തുഷാര.B

5A

തുഷാരം

# ജീവിതം ഒരു വേദന

ജീവിതാമാക്കുന്ന വേദന,ഇന്ന് എന്നെ
തീണ്ടാൻ തുടങ്ങിയിട്ടെത്റനാളായി.
മാഞ്ഞു പുരുമ ജീവിതത്തിൻെറ നിഴൽ-
വീണ കാൽപ്പാടുതേടി നടക്കവേ...
മറക്കില്ലേതുനാളും ഈ കണ്ണീരിൻ വേദന
ചുട്ടുപൊള്ളുന്നു,തീജ്വാലപോലെ
ജീവന്റ ആർദ്ര നിമിഷങ്ങൾ ഇന്നെന്റ
ഓർമ്മകളിൽ കടന്നു വന്നു.
പകൽപോലെ വ്യക്തം,ഇരുൾപോലെ മൂകം
മരണമിന്നെന്നെ തിരഞ്ഞെത്തുന്നു.
കഴുകന്റ കണ്ണുകൾ ദുഷ് ട വചന-
ങ്ങൾ ചൊല്ലുന്ന നാവുകൾ...................
മറക്കില്ലൊരിക്കലും മറക്കില്ല ഞാൻ ഈ
മുറിക്കുളളിലെ ക്രൂരതകൾ
ഒരിക്കലും വിശ്വക്കരുത് നീ
ഇവകളെ വേദനപോലവെ മരിക്കുന്ന ഞാൻ.
തീരാത്തോരാ ദുഖങ്ങൾ ഓർക്കവെ ഞാൻ
പിണക്കങ്ങളിൽ നിന്ന് ഇണക്കങ്ങളിൽ
ലേക്ക് ഒഴുകിയതാണെന്റ സൗഹൃദബന്ധം
ഒന്നാം ക്ളാസിന്റ വരാന്തയിൽ നിന്നു-
നാം കണ്ടുമുട്ടിയതാണീ കൂട്ടുകെട്ട്
ബാല്യത്തിനാ മധുരമാധുര്യം അയ-
വിറക്കി ഞാൻ ഓർത്തിരിക്കെ .
നാലു പേരെങ്കിലും നാലു ഹൃദയങ്ങൾ
ചേർന്നൊരു സ്നേഹമിഠായിയായി
മാറിനമ്മൾ ............
മാധുര്യവും ചവർപ്പും കൂടിക്കലർന്നൊര്
മധുരമിഠായിമാറി നമ്മൾ ......
എല്ലാം മറഞ്ഞുപ്പോയി ഇന്നു ഞാൻ

# തുഷാരം

ഈ ജനലഴികളിൽ ഒറ്റയായി ഏകയായി .....

by

KARTHIK S 5.A

# കാറ്റേ കാറ്റേ വന്നാട്ടേ

കാറ്റേ വന്നാട്ടേ
മണമുള്ള കാറ്റേ വന്നാട്ടേ
എൻ അരുകിൽ വന്നാട്ടേ
കാറ്റേ കാറ്റേ വന്നാട്ടേ
വീശി വീശി വന്നാട്ടേ
തണുപ്പുതരാൻ വന്നാട്ടേ
കാറ്റേ കാറ്റേ വന്നാട്ടേ....

vismaya M.R
7.A

# നന്മയുടെ അമ്മ

നേരം  പുലർന്നാലെൻ കണ്ണിന്റെ മുന്നിലായി
താമരപ്പൂപോൽ വിടരുമെന്നമ്മ

പൊന്നുമ്മ നൽകി ഉണർത്തുമെന്നമ്മ
സ്നേഹത്തിൻ പുഞ്ചിരി നൽകിടുന്നു.

കുഞ്ഞിളം പല്ലുകൾ പകർന്നു തന്നും
നമ്മതൻ പാഠങ്ങൾ പകർന്നു തന്നും

ഒത്തിരി സേനഹം നൽകിക്കൊണ്ടെന്നമ്മ
വാൽസല്യം നിറഞ്ഞതാണെന്റമ്മ

നിഴലായി  എൻ മുന്നിൽ  എത്തും അമ്മ
***അമ്മതൻ പൂവിൽ  നിറഞ്ഞിടും മധുരം എന്നപോൽ.***

# കുസൃതിക്കുറുക്കൻ

- ദൂരെ ഒരു കാട്ടിൽ ഒരു കുറുക്കൻ താമസിച്ചിരുന്നു. ആ കുറുക്കൻ ഒരു മടിയനായ ഒരു മകൻ ഉണ്ടായിരുന്നു. എപ്പൊഴും കളിച്ച് നടക്കലായിരുന്നു അവന്റെ പധാന ജോലി. അമ്മ പറയുന്നതൊന്നുംകേൾക്കാതെ കുസൃതിയായി അവൻ വളർന്നു.
- അമ്മ തീറ്റ തേടി കൊണ്ടു വന്നു കൊടുത്താലേ അവൻ ആഹാരം കഴിക്കുകയുള്ളു. മകനോടുള്ള വാല്സല്യം കൊണ്ട് അമ്മ കുറുക്കൻ എന്നും തീറ്റ തേടി കൊടുക്കും . അമ്മ പറഞ്ഞു മോനെ നീയും ഇന്നു എന്റെ കൂടെ തീറ്റ തേടാൻ വരണം. ഞാൻ എങ്ങോട്ടും വരില്ല. എനിക്ക് കളിക്കണം കണ്ടില്ലേ കൂട്ടുകാരൊക്കെ കാത്തു നിൽക്കുന്നത്. മോനെ നിനക്ക് ഇര പിടിക്കാൻ അറിയില്ലെൻകിൽ എങ്ങനെ ജീവിക്കും എനിക്കു വയ്യാതെ ആയാൽ നീ പട്ടിണി കിടക്കേണ്ടി വരില്ലേ. എനിക്കു ഇര പിടിക്കാനൊക്കെ നന്നായി അറിയാം . ഞാൻ കളിക്കാൻ പൊണു.മകനൊടുള്ള സ്നേഹം കൊണ്ട് അന്നും അമ്മ കുറുക്കൻ തീറ്റ തേടികൊണ്ട് വന്ന് കൊടുത്തു.അങ്ങനെ ദിവസങ്ങൾ കടന്ന് പോയി. ഹായ് തീറ്റ തേടി പോയ അമ്മയെ കാത്ത് കുഞ്ഞി കുറുക്കൻ ഗുഹയ്ക്ക് പുറത്ത് ഇരിക്കുകയായിരുന്നു. കുറേ നേരം കഴിഞ്ഞിട്ട് അമ്മയെ കാണാതെ വിഷമിച്ചു. വിഷന്ന് തളർന്ന അവൻ അമ്മയെ തേടി ഇറങ്ങി. അങ്ങനെ എങ്ങോട്ടെന്നില്ലാതെ നടക്കുമ്പോൾ കുഞ്ഞിക്കിളിയെ കണ്ടു. അവന് ആശ്വാസമായി. അവൻ
- അമ്മയുടെ കാര്യം കുഞ്ഞിക്കിളിയോട് ചോദിച്ചു. കുഞ്ഞിക്കിളി നീ എന്റെ അമ്മയെ കണ്ടോ .
- രാവിലെ തീറ്റ തേടി ഇറങ്ങിയതാ .ഇതുവരെ കണ്ടില്ല. അപ്പോൾ നീ ഒന്നും അറിഞ്ഞില്ലേ.മഴ കാരണം അരുവിയിൽ

# തുഷാരം

വെള്ളം കയറി അതു കാരണം തീറ്റ തേടി പോയവരെല്ലാം വെള്ളം താഴുന്നതും കാത്ത് ഇരിക്കുകയാണ്.അയ്യോ ഞാനിനി എന്തു ചെയ്യും? വെള്ളം താരാൻ എത്ര ദിവസമെടുക്കും. അറിയില്ല രണ്ടുമൂന്ന് ദിവസം കഴിയും. എനിക്കാണെങ്കിൽ വിശന്നിട്ട് വയ്യ. എന്നാൽ ഞാൻ പോട്ടെ കുഞ്ഞിക്കിളികൾ കാത്തിരിക്കും. നിരാശനായ കുഞ്ഞിക്കുറുക്കൻ വീട്ടിൽ പോയി. അമ്മ കൊണ്ട് വരുന്ന തീറ്റ മാത്രം തിന്ന് ജീവിച്ചവന് സ്വന്തമായിട്ട് തീറ്റ തേടാൻ അറിയില്ലായിരുന്നു. വെള്ള പൊക്കം കാരണം അമ്മ കുറുക്കൻ നദിയിൽ വെള്ളമിറങ്ങാൻ കാത്തിരിക്കുകയായിരുന്നു. രണ്ട് മുന്ന് ദിവസം കഴിഞ്ഞപ്പോൾ വെള്ളം താന്നു. അമ്മ ഓടി മോന്റെ അടുത്തു ചെന്നു. മോൻ ചോദിച്ചു, അമ്മേ അമ്മ എവിടെ ആയിരുന്നു.  മഴ പെയ്തത് കാരണം നദിയിൽ വെള്ളം അതു കാരണം അമ്മയ്ക്ക് വരാൻ കഴിഞ്ഞില്ല. അമ്മേ ഇനി തൊട്ട് ഞാനും തീറ്റ തേടാൻ വരാം. അമ്മയ്ക്ക് സന്തോഷമായി. അവറ് ഒത്ത് തീറ്റ തേടാൻ പോയി.വാശി വേണ്ട.

•

Anagha

*6.B*

# രാജാവിന്റെ വാതിൽ

ഒരിടത്ത് ഒരു രാജാവുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന് ഒരാഗ്രഹം തൻ കൊട്ടാരത്തിൽ ഒരു അത്ഭുത വാതിൽ വേണം, അത് തൻ മുഖം കാണുമ്പോൾ മാത്രം തുറക്കണമെന്ന്. അദ്ദേഹം തൻ മന്ത്രിയോട് തൻ ആഗ്രഹം പറഞ്ഞു. മന്ത്രി അങ്ങനെ ഒരു വാതിൽ ഉണ്ടാക്കി കൊടുത്തു . ആ രാജാവ് എല്ലാ ജനങ്ങളേയും വിളിച്ച് കൂട്ടി ചോദിച്ചു ഈ കുട്ടത്തിൽ നിന്ന് അത്ഭുത വാതിൽ തുറക്കുവാൽ കഴിയുമോ? അപ്പോൾ ജനക്കുട്ടത്തിൽ ഈടയിൽ നിന്നും ഒരാൾ കടന്നു വന്നു. അയാളുടെ കൈയിൽ രാജാവിൻ ചിത്രം ഉണ്ടായിരുന്നു . അയാൾ ആ ചിത്രവുമായി വാതിലിൻ അരികത്തു ചെന്നു നിന്നു. അപ്പോൾ ആ അത്ഭുത വാതിൽ തുറന്നു. രാജാവ് ദേഷ്യത്താൽ തൻ മുടിപിടിച്ചു വലിച്ചു. പിന്നെ അദ്ദേഹം മന്ത്രിയോട് വേറൊരു അത്ഭുത വാതിൽ  ഉണ്ടാക്കാൻ പറഞ്ഞു. ആ വാതിൽ തൻ ശബ്ദം കൊണ്ടു മാത്രം തുറക്കാൻ കഴിയുന്നതായിരിക്കണം. മന്ത്രി വീണ്ടും ഒരു അത്ഭുത വാതിൽ നിർമ്മിച്ചു കൊടുത്തു.ആ രാജാവ് വീണ്ടും ജനങ്ങളെ വിളിച്ചുകൂട്ടി. അദ്ദേഹം വീണ്ടും ആ ചോദ്യം ആവർത്തിച്ചു. പിന്നെയും ജനക്കുട്ടത്തിൻ ഇടയിൽ നിന്നു അതേ ആൾ കടന്നു വന്നു.ആ വെള്ളം അയാൾ രാജാവിനെ കുടിപ്പിച്ചു. എന്നിട്ടു പറഞ്ഞു എനിക്ക് ആ വാതിൽ തുറക്കാൻ കഴിയില്ല രാജാവ് പലവട്ടം ശ്രമിച്ചു പക്ഷേ ശബ്ദം പുറത്തു വന്നില്ല അതിനാൽ ആ വാതിൽ  തുറന്നില്ല രാജാവ് ദേഷ്യത്താൽ തുള്ളിച്ചാടി. അവസാനം  ആ രാജാവ് തോൽവി സമ്മതിച്ച്  അയാൾക്ക്  സഭയിൽ വച്ച് സമ്മാനം നൽകി.

RAHUL . R
7A

തുഷാരം

# *പ്രകൃതി*

പ്രകൃതിയാണ് എന്റെ അമ്മ ......

പ്രകൃതിയാണ്എൻ അമ്മ
എൻ അമ്മയെ വേദനിപ്പിച്ചാൽ കരഞ്ഞീടും
എൻ മിഴികൾ നിൻ മിഴികൾ
എന്തിനാണ് കലങ്ങിയത്.
അമ്മവരില്ലെന്നുകരുതിയോ.
പ്രകൃതിയാണ് എൻ അമ്മ
പ്രകൃയാണ് എൻ അമ്മ
പ്രകൃതിയെ വേദനിപ്പിച്ചാൽ
കലങ്ങിയിട്ടുംഎൻ മിഴകൾ
പ്രകൃതിയിൽ വസിച്ച കൊണ്ട്
നാം എല്ലരും എന്തിനാണ്
വേദനിപ്പിക്കുന്നത് .
പ്രകൃതിയാണ് എൻ അമ്മ

***പ്രകൃതിയാണ്എൻ അമ്മ .***
***എന്നൊരു ചിന്തവേണം നാം ഓരോരുത്തർക്കും***

BY
*VISHNU V.S*

# തവളയും എലിയും

ഒരു വീട്ടിൽ തവളയും എലിയും തമസിച്ചിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു.ഒരു നാൾ തവള പറഞ്ഞു, ഞാൻ ഒരു ഉല്ലാസയാത്രയ്ക്കു പോയാലോ എന്ന് വിചാരിക്കുന്നു. പക്ഷേ പുഴയൊക്കെ കടക്കേണ്ടേ? പുഴയിൽ ഇറങ്ങിയാൽ ഞാൻ മരിക്കില്ലേ? എലി പറഞ്ഞു.

നീ എന്റെ പുറത്ത് കയറിക്കോ,നീ വീഴാതെയിരിക്കാൻ നമ്മൾ തമ്മിൽ ഒരു കെട്ടും ഉറപ്പിക്കാം, തവള മറുപടി പറഞ്ഞു. അങ്ങനെ അവർ ഇരുവരും യാത്ര ആരംഭിച്ചു.അവർ വളരെ സന്തോഷത്തോടെ പോയി.അവസാനം പുഴക്കരയിൽ എത്തി, പുഴയിൽ നല്ല

ഒഴുക്കുണ്ടായിരുന്നു. അവർ പുഴയിലേക്കിറങ്ങി നീന്താൻ തുടങ്ങി.

അപ്പോഴാണ് ആകാശത്ത് പരുന്ത് വട്ടമിടുന്നത് കണ്ടത്. അവർ പേടിച്ചു പോയി. പരുന്ത് പെട്ടന്ന് എലിയെ കൊത്തിയെടുത്ത് പറക്കാൻ തുടങ്ങി കുടെ തവളയും പോയി. ഇരുവരുടെയും കഥ പരുന്ത് അവസാനിപ്പിച്ചു.

16. **നീരജ.എസ്.ബോസ്**

# അന്നു പെയ്ത മഴ

ഒരു ദിവസം നല്ലമഴയുള്ള ഒരു ദിനയായിരുന്നരു മഴയുടെ ശക്തി കൂടുന്നതിനനുസരിച്ച് എനിക്ക് പേടിയായി വന്നു. ഭയത്തോടെ പുറത്തിറങ്ങി വീട്നെ നോക്കിയപ്പോൾ എന്റെ വീടിന്റെ മൂന്നാമത്തെ പടിവരെ വെള്ളം കയറി. എല്ലാവരെം അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു .കുറച്ചു നേരം കഴിഞ്ഞപ്പോൾ വീടിന്റെ അകത്ത് വെള്ളം കയറി തുടങ്ങി ഞങ്ങൾ ഓട്ടത്തിന്റെ വേഗത കൂട്ടി. വെള്ളം ഉയർന്നുയർന്ന് വരുന്നു നങ്ങൾ വസ്തുങ്ങൾ കൊണ്ട് വീട്ടിൽനിന്ന് അപ്പുറത്തെ വീട്ടിന്റെരണ്ടാമത്തെ നിലയിൽ കയറി നിന്നു. രണ്ടമൂന്നുമണിക്കൂർ കഴിഞ്ഞപ്പോൾ ഒരു ഹെലികോപ്റ്റർ വരുന്നു. ഞങ്ങളുടെ കൂട്ടത്തിലുള്ള ഒരു ചേച്ചിയുടെ കയ്യിൽ ചുവന്ന ഷാൾ ഉയർത്തി പിടിച്ചു കാണിച്ചു . ഹെലികോപ്റ്റർ സാവധാനത്തിൽ താക്കാൻ തുടങ്ങി ഞങ്ങളെല്ലാ വരെയും സുരക്ഷിതമായി ക്യാമ്പിൽ കൊണ്ടുപോയി .

17. അപ്പോൾ പണം ഉള്ളവനും ഇല്ലാത്തവനും ഒരു പോലെയാണ് നമ്മൾ ഇതുവരെ പുച്ഛിച്ച മത്സ്യതൊഴിലാളികളാണ് മറ്റുള്ളവരെ രക്ഷിച്ചു കൊണ്ടു വന്നത് ആഹാരം കിട്ടാത്ത സ്ഥലത്ത് വരെ മത്സ്യ തൊഴിലാളികൾ ആഹാരങ്ങൾ കൊണ്ടു കൊടുത്തു .

18. ഈ പ്രകൃതിയുടെദുരന്തത്തിൽ മസത്സ്യ തൊഴിലാളികളാണ് രക്ഷിച്ചത് അതിനോടുമൊപ്പം തന്നെ നാവികസേനയും അവസാനം വെള്ളം ഇറങ്ങാൻ തുടങ്ങിയപ്പോൾ എല്ലാവരും വീട്ടിൽ പോകാൻ തുടങ്ങി ഒടുവിൽ സന്തോഷത്തോടെ ക്യാമ്പുകളിൽ നിന്ന് വീട്ടിലേക്ക് തിരിച്ചു പോയി. ഞങ്ങളുടെ ക്യാമ്പിൽ ഉള്ള കുറച്ച് പേരുടെ വീടു തകർന്നു പോയി എല്ലാവരും ഒത്തു പറഞ്ഞു" പോയ കേരളത്തെ നമുക്ക് തിരിച്ച് പിടിക്കാം നവകേരളമായി"

**കിരൺ.കെ**
*8A*

# എന്റെ ഭൂമി

എത്ര മനോഹരം എത്ര മനോഹരം
എത്ര മനോഹരം ഈ ഭൂമി.
കാടും പുഴയും മലകളും
കളകളം പാടുന്ന കാറ്റും
തുള്ളിച്ചാടും തവളകളും
മധുരമാം ഗീതം മീട്ടുന്നു പക്ഷികൾ
മേയുന്ന കാലികൾ
പാറിപ്പറക്കും പൂമ്പാറ്റ.
എത്ര മനോഹരം എത്ര മനോഹരം
എത്ര മനോഹരം ഈ ഭൂമി.

കിരൺ.കെ
*8 A*

തുഷാരം

# രാമുവിന്റെ വികൃതി

ഒരു ചെറിയ ഗ്രാമം അവിടെ രാമുവും അവന്റെ അമ്മയും താമസിച്ചിരുന്നു. രാമുവിന് ഭയങ്കര വികൃതിയാണ്. അവൻ എല്ലാ കുട്ടികളെയും ഉപദ്രവിക്കും അങ്ങനെ ഇരിക്കെ ഒരു ദിവസം രാമുവും അവന്റെ കൂട്ടുകാരനു സ്കൂൾ വിട്ട് വരികയായിരുന്നു വഴിയിൽ ഒരു പശു അവന്റെ കൂട്ടുകാരന്റെ പേര് പപ്പു എന്നായിരുന്നു പപ്പു രാമുവിന്റെ അടുത്തു പറഞ്ഞു :രാമു ഒരു പശു ഇനി നമ്മൾ എന്തു ചെയ്യും പശു ഇടിക്കില്ലേ ? എനിക്ക് പശുവിനെ പേടിയാണ് . രാമു പറഞ്ഞു എടാ നീ ഇപ്പോൾ കണ്ടോ ഞാൻ ആ പശുവിന്റെ വാലിൽ പോയി വലിക്കും പപ്പു  പറഞ്ഞു രാമു അതുവേണ്ട പശു ഇടിക്കും. പപ്പു പറഞ്ഞത് കേൾക്കാതെ  ഉടനെ തന്നെ രാമു പശുനിന്റെ വാലിൽ പോയി വലിച്ചു . പാവം പശു വേദനസയിക്കാനാവാതെയാപ്പോൾ പശു രാമുവിനെ ഒറ്റ ചവിട്ട് രാമു താഴെയുള്ള കുളത്തിൽ ചെന്നു വീണു പപ്പു പറഞ്ഞു രാമു ഞാൻ പറഞ്ഞതല്ലേ വേണ്ട എന്ന് കേൾക്കാത്തതല്ലേ കേറി വാ പപ്പു രാമുവിനെയും കൊണ്ട് വീട്ടിലേക്ക് നടന്നു. പപ്പു രാമുവിനെ വീട്ടിലാക്കിയിട്ട് പപ്പു വീട്ടിൽ പോയി. രാമുവിന്റെ അമ്മ വന്നു. അമ്മ നോക്കിയപ്പോൾ രാമുവിന്റെ വസ്ത്രം മുഴുവൻ ചെളിയും വെള്ളവും . അമ്മ ചോദിച്ചു എന്താ രാമു ഉടുപ്പു മുഴുവൻ വെള്ളമാണല്ലോ? രാമു പറഞ്ഞു ഞാൻ തോട്ടിൽ വീണതാ അമ്മേ. അമ്മ രാമുവിനെ അടിച്ചു. രാമു വിളിച്ചു കൊണ്ടോടി.

കുറച്ച് ദിവസങ്ങൾക്കു ശേഷം അവർ രണ്ട് പേരും നടന്ന് വരുകയായിരുന്നു. വഴിയിൽ ഒരു ആട്. പപ്പു ചോദിച്ചു എന്ത രാമു നിനക്ക് ആടിനെ പേടിയാണോ? "എനിക്ക് പേടിയാ" എന്ന് വിളിച്ച് ഓടി. പിന്നെ ഒരിക്കലും രാമു ഒരു വികൃതിയും കാണിച്ചിട്ടില്ല.

'അഹങ്കാരം നല്ലതല്ല'

AKSHAYA.S

6.B

തുഷാരം

# മഞ്ഞ്

പച്ചിലകളിലും തുമ്പപ്പു മേട്ടിലും വെള്ളത്തുള്ളികളായി
പറ്റിയിരിക്കും മഞ്ഞിൻ കട്ടകളേ!....................................
നിങ്ങൾക്കീ തൂവെള്ള സൗന്ദര്യം
ആരു തന്നു ആര് തന്നു ആരു തന്നു?.........................
ഇക്കിളിയിടുന്ന സുഖത്തിൽ നിന്റെ
ആ തലോടൽ ഹാ എന്തു രസം ................................
നിന്റെ ആ കോരിത്തരിപ്പിക്കും ശൈത്യം
അതിലും മനോഹരം.....................................
ഇത്തരം സൗന്ദര്യം നിന്നിൽ നിന്നനുഭവിച്ച്
ഞാനേറെ പാട് പെട്ടു.................................
പലതരം ചെറു രോഗങ്ങൾ
എന്റെ ശരീരത്തെ പിടിച്ചടക്കി.....................
പിന്നെ ഞാനിത് വരെയും നിൻ
ദേഹത്തെ കണ്ടതില്ല............................
തലോടാൻ അടുക്കുമ്പോൾ ......................
നീ എന്തേ മായുന്നു........................
സൂര്യനുദിച്ചാൽ നീ നീരാവിയാകും................
ഇത്റ ധൃതിപ്പെട്ട്
എങ്ങോട്ടാണെങ്ങോട്ടാണെങ്ങോട്ടാണ്?...................................

*സഹദിയ .എസ്*

തുഷാരം

# മഴയായ സൗഹൃദം

ഒരിടത്ത് മൂന്ന് ശലഭങ്ങൾ ഉണ്ടായിരുന്നു.അവർ ചങ്ങാതിമാരായിരുന്നു.

'ഒരാളുടെ നിറം ചുവപ്പ്'

' രണ്ടാമന്റെ നിറം മഞ്ഞ'

'മൂന്നാമന്റെ നിറം വെള്ള'

*ഇവർ മൂന്ന പേരും ഒരു ദിവസം പറന്ന് പറന്ന് വളരെ ദൂരെ ഒരു പൂന്തോട്ടത്തിൽ എത്തി.അവിടെ നിറയെ പൂക്കളായിരുന്നു.മൂന്നുപേരും വളരെ സന്തോഷത്തോടെ പരസ്പരം നോക്കി.മഞ്ഞ,ചുവപ്പ്,വെള്ള,വയലറ്റ്,റോസ് എന്നിങ്ങനെ..... ഇവർ എല്ലാ പൂക്കളിലും തേൻ കുടിച്ചു കൊണ്ടിരിക്കുകയായിരുന്നു.അപ്പോൾ ഒരു വലിയ മഴ പെയ്തു.കേരളത്തെ മുഴുവൻ തകർത്ത ഒരു വലിയ മഴയായിരുന്നു അത്.പൂവുകളുടെ അടുത്തുചെന്ന് ശലഭങ്ങൾ അവർക്ക് ഇരിക്കാൻ സ്ഥലം കൊടുക്കുമോ എന്ന് ചോദിച്ചു.അവർ ആദ്യം പോയത് ഒരു ചുവപ്പ് നിറമുള്ള റോസാപ്പൂവിന്റെ അടുത്തായിരുന്നു.ശലഭങ്ങൾ ചോദിച്ചു.പൂവേ നീ ഞങ്ങൾക്ക് ഇരിക്കാൻ നിന്റെ ഇലകളിൽ സ്ഥലം തരുമോയ?പൂവ് പറഞ്ഞു.ശരി ഞാൻ സ്ഥലം തരാം.പക്ഷെ ചുവന്ന നിറമുള്ള ശലഭത്തിന് മാത്രമെ  ഇരിക്കാൻ സ്ഥലം തരുകയുള്ളൂ. ശലഭം പറഞ്ഞു.ദയവായി ഞങ്ങൾ മൂന്നു പേർക്കും ഇരിക്കാൻ സ്ഥലം തരു?പൂവ് പറഞ്ഞു ഇല്ല ഞാൻ ചുവന്ന ശലഭത്തിന് മാത്രമെ  ഇരിക്കാൻ സ്ഥലം തരുകയുള്ളൂ.അവർ യാത്ര തുടർന്നു. കുറച്ച് ദൂരം പറന്നപ്പോൾ അവിടെ ഒരു  മഞ്ഞ നിറമുള്ള സൂര്യകാന്തിപ്പൂവിനെ കണ്ടു.അവർ ചോദിച്ചു.സൂര്യകാന്തിപ്പൂവേ ഞങ്ങൾക്ക് ഇരിക്കാൻ സ്ഥലം തരുമോ നീ.സൂര്യകാന്തി പറഞ്ഞു.ഞാൻ സ്ഥലം തരാം.പക്ഷെ  മഞ്ഞശലഭത്തിന് മാത്രമെ  ഇരിക്കാൻ സ്ഥലം തരുകയുള്ളൂ.നിങ്ങൾക്ക് രണ്ടുപേർക്കും ഇരിക്കാൻ പറ്റില്ല.സൂര്യകാന്തി പറഞ്ഞു.അങ്ങനെ അവർ വീണ്ടും പറന്നു*

# തുഷാരം

*തുടങ്ങി. അവർ പിന്നെ ഒരു വെള്ള റോസാപ്പൂവിന്റെ അടുത്തെത്തി. അവർ വീണ്ടും ചോദിച്ചു.അവർക്കിരിക്കാൻ സ്ഥലം തരുമോ എന്ന്. ചുവന്ന പൂവും മഞ്ഞസൂര്യകാന്തിയും പറഞ്ഞ അതേ മറുപടി വെള്ള റോസയും പറഞ്ഞു. വെള്ള ശലഭത്തിനെ ഇരിക്കാൻ സ്ഥലം നൽകുകയുള്ളു എന്ന്.വീണ്ടും അവർ നിരാശരായി യാത്ര തുടർന്നു.കുറച്ച് മുമ്പോട്ട് ചെന്നപ്പോൾ ഒരു വയലറ്റ് പൂവ് ചോദിച്ചു.ശലഭങ്ങളെ എന്തിനാ നിങ്ങൾ ഈ മഴയത്ത് പറന്നു നടക്കുന്നെ. നിങ്ങൾ ഇവിടെ വന്ന് ഈ ഇലകളിൽ ഇരുന്നോളു എന്ന്.ശലഭങ്ങൾ പെട്ടെന്ന് പറന്ന്,വയലറ്റ് പൂവിന്റെ അടുത്തെത്തി.ശലഭങ്ങൾ ചോദിച്ചു. ഞങ്ങൾ മൂന്നു പേരെയും നിങ്ങളുടെ. ഇലകളിൽ ഇരുത്തുമോ.വയലറ്റ് പൂവ് പറഞ്ഞു.അതെ നിങ്ങൾ മൂന്നു പേരും മഴ മാറുന്നതു വരെ ഇവിടെ ഇരുന്നുകൊള്ളൂ. മഴ മാറാൻ കുറേ സമയം അവർ കാത്തു.പക്ഷെ മഴ മാറിയില്ല.പൂവിനോട് തങ്ങളുടെ വിശേഷങ്ങൾ പറഞ്ഞ് അവർ പരസ്പരം നന്നായി അറിയാവുന്ന കൂട്ടുകാരായി മാറി.ദിവസങ്ങൾ വേണ്ടി വന്നു മഴ നിൽക്കാൻ. പിന്നെ മഴ മാറിയ ശേഷം അവർ പൂവിന്റെ അടുത്ത് നന്ദി പറഞ്ഞു. പിന്നെ സന്തോഷത്തോടെ പൂവിനോട് അവർ യാത്ര പറഞ്ഞു. പൂവ് പറഞ്ഞു.നിങ്ങൾ വീണ്ടും ഇവിടെ വരണമെന്ന്. ശലഭങ്ങൾ ഉറപ്പു നൽകി യാത്രയായി. പിന്നെ എല്ലാ ദിവസവും അവർ പൂവിന്റെ അടുത്ത് വരുമായിരുന്നു.അവർ സന്തോഷത്തോടെ കളികളും തമാശകളും പറഞ്ഞു നിന്നു.വയലറ്റ് പൂവ് സന്തോഷത്തോടെ കഴിഞ്ഞു. ഇതു കണ്ട് മറ്റ് പൂക്കൾ അസൂയയോടെ നിന്നു.അങ്ങനെ പിറ്റേ ദിവസം ശലഭങ്ങൾ വന്നപ്പോൾ വയലറ്റ് പൂവ് വാടിക്കരിഞ്ഞു പോയി.അവര് കുറേനേരം കരഞ്ഞ്ു.കുറച്ച് ദിവസങ്ങൾക്ക് ശേഷം കരിഞ്ഞഢ പോയ വൈലറ്റ് പൂവിനെ കണാൻ വന്നപ്പോൾ അവിടെ ഒരു പുതിയ പൂവിനെ കണ്ടു അവർക്ക് വളരെ സന്തോഷമായി.*

*ആദിത്യ.എച്ച്*
*7A*

തുഷാരം

# THANK YOU
# BY LITTLE KITES